# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം;1269 13.12.2012ൽ മറുപടിക്ക്

### ചാലദുരന്തം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. അടൂർ പ്രകാശ്(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) ചാലദുരന്തം ഉണ്ടാകാനിടയായ കാരണങ്ങൾ സർക്കാർ പരിശോധിക്കുകയുണ്ടായോ; ദുരന്തം സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ; | (എ)ചാല ദുരന്തവുമായി ബന്ധപ്പെട്ട് പോലീസ് കേസ് എടുത്ത് സി.ബി.സി.ഐഡി എച്ച്എച്ച്ഡബ്ലിയു 111 കണ്ണൂർ, സബ് യൂണിറ്റ്, കോഴിക്കോട് അന്വേഷണം നടന്നു വരുന്നു. ഇതിനു പുറമേ കണ്ണൂരിൽ ജില്ലാകളക്ടർ മജിസ്റ്റീരിയൽ എൻക്വയറിയും നടത്തിവരുന്നു. അന്വേഷണം അന്തിമഘട്ടത്തിലാണ്. |
| ബി) ദുരന്തം സംബന്ധിച്ച് ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ; ഐ.ഒ.സിയിൽ നിന്ന് നഷ്ടപരിഹാരം ലഭിക്കുകയുണ്ടായോ; | ബി) ചാല ടാങ്കർ ദുരന്തത്തിനുശേഷം സർക്കാർ പ്രഖ്യാപിച്ച ദുരിതാശ്വാസ പാക്കേജ് നടപ്പിലാക്കുന്നതിനായി ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ നിന്നും രണ്ടുകോടി രൂപ ലഭ്യമായിട്ടുണ്ട്. |
| സി) ടാങ്കർ ലോറി ദുരന്തങ്ങൾമൂലം ജനങ്ങളിലുണ്ടായിട്ടുള്ള ആശങ്കയകറ്റുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;<br>ഡി)ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | സി) & ഡി)<br>ചാല ടാങ്കർ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പോലീസ്, മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരുൾപ്പെട്ട പ്രത്യേക ടീം രൂപീകരിച്ച് ജില്ലാ അതിർത്തിയിൽ പരിശോധന നടത്താൻ ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

ചാല ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ അപകടകരമായ വസ്തുക്കൾ വഹിച്ചു കൊണ്ടുപോകുന്ന ചരക്ക് വാഹനങ്ങൾ ഓടിക്കുന്നതിന് ലൈസൻസ് നൽകുന്ന തിന് മോട്ടോർ വാഹനനിയമം അനുശാസിക്കുന്ന എല്ലാ മാനദണ്ഡ ങ്ങളും കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ നിർദ്ദേശം നൽകിയി ട്ടുണ്ട്. ഹസാർഡ്സ് ഗുഡ്സ് വാഹനങ്ങൾ ഓടിക്കുന്നതിന് ലൈസൻസ് പുതുക്കുമ്പോൾ ഫയർ ആന്റ് സേഫ്റ്റി സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, കാഴ്ച പരിശോധനാ സർട്ടിഫിക്കറ്റ് എന്നിവ നിർബന്ധമാക്കി യിട്ടുണ്ട്. ഹസാർഡ്സ് ഗുഡ്സ് വാഹനങ്ങൾ കൂട്ടമായി പോകുന്നത് ഒഴിവാക്കാനും രണ്ട് ഡ്രൈവർമാർ ഉണ്ടെന്ന് ഉറപ്പുവരുത്താനും മദ്യപിച്ച് വാഹനമോടിക്കുന്നുണ്ടോ എന്ന് കർശന പരിശോധന നടത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. അപകടമുണ്ടായ ചാല ജംഗ്ഷൻ മുതൽ അപകടമേഖലയിൽ മുഴുവനും റിഫ്ളക്ടീവ് സൈൻ ബോർഡുകൾ മുതലായ റോഡു സുരക്ഷയ്ക്ക് വേണ്ട എല്ലാ സജ്ജീകരണ ങ്ങളും ചെയ്തിട്ടുണ്ട്. വാഹനഗതാഗതം സുഗമമാക്കുന്നതിന് അപകടരഹിതമായ സഞ്ചാരപഥം ഒരുക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ